**ലോക നാടകദിനാചരണം 2023 മാർച്ച് 27**

യുനെസ്കോ (UNESCO) യുടെ ഭാഗമായി 1948ൽ സ്ഥാപിതമായതും, ഏതാണ്ട് നൂറോളം അംഗരാഷ്ട്രങ്ങൾ ഉള്ളതുമായ ഫ്രാൻസിലെ അന്തർദേശീയ തിയ്യേറ്റർ ഇൻസ്റ്റിറ്റ്യൂട്ട് (ITI) ലോകനാടകസൗഹൃദസംസ്കാരപ്രചാരണം ലക്ഷ്യമാക്കി 1962 മുതൽ എല്ലാ വർഷവും മാർച്ച് 27ന് ''ലോകനാടകദിന''മായി ആചരിച്ചു വരുന്നു.

അതിന്റെ ഭാഗമായി ITI യുടെ ക്ഷണം സ്വീകരിച്ച് ലോകോത്തരനിലവാരമുള്ള ഒരു നാടകകലാപ്രതിഭ നൽകുന്ന ''ലോകനാടകസന്ദേശം'' അന്നേദിവസം അരങ്ങിലെ പരിപാടികൾ ആരംഭിയ്ക്കുന്നതിനുമുമ്പ് വായിച്ചു കേൾപ്പിയ്ക്കപ്പെടേണ്ടതും മറ്റെല്ലാ മാദ്ധ്യമങ്ങളും അന്നേദിവസം തന്നെ സന്ദേശം പ്രചരിപ്പിയ്ക്കേണ്ടതുമാണ് എന്നു ITI നിർദ്ദേശിയ്ക്കുന്നു.

ഈ വർഷത്തെ (2023 മാർച്ച് 27) സന്ദേശം നല്കിയിരിക്കുന്നത് ഈജിപ്തിലെ ഷുബ്രയിൽ ജനിച്ച്, അഭിനയസിദ്ധികൊണ്ട് ഈജിപ്തിലെ മാത്രമല്ല, ലോകമെമ്പാടുമുള്ള അരങ്ങുകളിലും സിനിമയിലും, ടെലിവിഷനിലും പ്രേക്ഷകരെ ആവേശം കൊള്ളിച്ച ''സമിഹ അയോബ്'' (SAMIHA AYOUB) എന്ന അതുല്യ അഭിനേത്രിയാണ്.

ലോകനാടകദിനസന്ദേശം യഥോചിതം പ്രചരിപ്പിയ്ക്കുവാനും, സന്ദേശംകൊണ്ട് ലക്ഷ്യമാക്കുന്ന ''അരങ്ങും സൗഹൃദസംസ്കാരവും'' (Theatre and a culture of peace) ഉൾക്കൊണ്ട് അരങ്ങിലെ കൂട്ടായ്മയിൽ സഹകരിയ്ക്കാനും സന്മനസ്സുണ്ടാകട്ടെ.* **

* സന്ദേശത്തോടനുബന്ധിച്ച് ITI നൽകിയിട്ടുള്ള ''ഉദ്ദരണികൾ'' വിദഗ്ദരെക്കൊണ്ട് വിശദീകരണവിധേയമാക്കാവുന്നതാണ്.

** ഈ ലോകനാടകസന്ദേശത്തിന്റെ മലയാളമൊഴിമാറ്റം നടത്തിയിരിയ്ക്കുന്നത് ഗോപിനാഥ് കോഴിക്കോട്.

**2023 മാർച്ച് 27 – ലോകനാടകദിനം**

നാടകദിനസന്ദേശം നൽകിയ ഈജിപ്തിലെ സുപ്രസിദ്ധ അഭിനേത്രി ''സമിഹ അയോബ്'' നെകുറിച്ച്:

ഈജിപ്തിലെ ''കെയ്റോ'' നഗരത്തിന്റെ വടക്കൻ പ്രദേശമായ ''ഷുബ്ര'' യിൽ 1932ൽ ജനിച്ച ''സമിഹ അയോബ്'' അഭിനയകലയിൽ ബിരുദങ്ങൾ നേടിയശേഷം, 1953 മുതൽ ഈജിപ്തിലെ നാടകവേദികളിലും, സിനിമയിലും, ടെലിവിഷനിലും ദീർഘകാലം തിളങ്ങിനിന്ന അതുല്യ പ്രതിഭ യുള്ള അഭിനേത്രിയാണ്.

ഈജിപ്തിന് പുറത്തും അഭിനയസിദ്ധിയാൽ അരങ്ങിൽ വിസ്മയ ങ്ങൾ വിരിയിച്ച താരറാണി എന്ന നിലയിൽ അനേകം ലോകരാഷ്ട്രത്തല വൻമാരുടെ ആദരങ്ങളേറ്റു വാങ്ങിയിട്ടുമുണ്ട്.

2015–ൽ ഈജിപ്തിലെ ഉയർന്ന ബഹുമതിയായ ''നൈൽ അവാർഡ്'' ''സമിഹ അയോബി''നെ തേടിയെത്തി, എന്നു മാത്രമല്ല കലാലോകത്തിന് അവർ നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് ഈജിപ്തിലെ നാഷ ണൽ തിയ്യേറ്റർ സമുച്ഛയത്തിലെ പ്രധാനവേദി അന്നുമുതൽ ''സമിഹ''യുടെ നാമത്തിൽ അറിയപ്പെടും എന്ന ഔദ്യോഗിക പ്രഖ്യാപനവുമുണ്ടായി.

ഇന്ന് 91 വയസ്സിലും അരങ്ങിനോട് അടങ്ങാത്ത അഭിനിവേശം കാത്ത് സൂക്ഷിയ്ക്കുന്ന അഭിനയസാമ്രാജ്യത്തിലെ ആ റാണി മുത്തശ്ശി ഈജി പ്തിലെ ഷുബ്രയിൽ നൈൽ നദീതിരത്തിരുന്നു. ലോകനാടകസഹൃദയരെ മുഴുവൻ അഭിസംബോധന ചെയ്യുകയാണ്, അതിരുകളില്ലാത്ത അരങ്ങിലെ ആഗോളമാനവസൗഹൃദത്തിന് ആക്കം കൂട്ടുകയാണ്-ഈ ലോകനാടകദിന സന്ദേശത്തിലൂടെ.

**ലോക നാടകദിനസന്ദേശം 2023 മാർച്ച് 27**

**സമിഹ അയോബ്**

**(പ്രശസ്ത അഭിനേത്രി - ഈജിപ്ത്)**

ലോകനാടകസുഹൃത്തുക്കളേ,

ഈ നാടകദിനാചരണവേളയിൽ നിങ്ങളെ അഭിസംബോധന ചെയ്യുന്നതിന്റെ ആഹ്ലാദാതിരേകത്തോടൊപ്പം തന്നെ, ഇന്നത്തെ കലുഷിത ലോകാവസ്ഥകളാൽ ഞെരുക്കപ്പെടുന്ന അരങ്ങിലും അല്ലാതെയുമുള്ള നമ്മുടെ കലാപ്രവർത്തകരനുഭവിയ്ക്കുന്ന പ്രയാസങ്ങളെ കുറിച്ചോർത്ത് എന്റെ ജീവതന്തുക്കളെല്ലാം വിറകൊള്ളുകയാണ്. സംഘർഷങ്ങൾ, യുദ്ധം, പ്രകൃതിദുരന്തങ്ങൾ എന്നീ വിനാശങ്ങളിലൂടെ കടന്നുപോയ ലോകക്രമത്തിൽ നാശം വിതയ്ക്കപ്പെട്ടത് ഭൗതിക സാഹചര്യങ്ങളിൽ മാത്രമല്ല, നമ്മുടെ മനഃസമാധാനത്തിനും ആദ്ധ്യാത്മിക ലോകത്തിനും കൂടിയാണ്.

നിങ്ങളോടിന്ന് സംസാരിയ്ക്കുമ്പോൾ എന്റെ ചിന്തകൾ, ഒറ്റപ്പെട്ട ദ്വീപുകളായി മാറിയ മുഴുവൻ ലോകത്തെ കുറിച്ചാണ്-അഥവാ മഞ്ഞ് മൂടിയ ചക്രവാളത്തിൻ കീഴെ, ഗർജ്ജിയ്ക്കുന്ന സാഗരസീമകളിൽ ദിക്കറിയാതെ നിയന്ത്രണം നഷ്ടപ്പെട്ടിട്ടും പ്രതീക്ഷ കൈവിടാതെ അലഞ്ഞലഞ്ഞ് രക്ഷാതീരമണഞ്ഞ കപ്പലുകളെ കുറിച്ചാണ്.

ലോകരാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങൾക്ക് ഇന്നുള്ളത്പോലെ ഇഴയടുപ്പം മുമ്പൊരിയ്ക്കലും ഉണ്ടായിട്ടില്ല. എന്നാൽ മനുഷ്യർ തമ്മിൽ സ്വരച്ചേർച്ചയില്ലായ്മയും അകൽച്ചയും മുമ്പൊരിക്കലുമില്ലാത്തവിധം ഇന്ന് വർദ്ധിച്ചിട്ടുമുണ്ട്. ഈ ''നാടകീയ വിരോധാഭാസം'' നമ്മുടെ മേൽ കെട്ടിവെയ്ക്കുകയാണ് സമകാലിക ലോകം.

നാം സാക്ഷ്യം വഹിയ്ക്കുന്ന വാർത്താപ്രചാരണങ്ങളിലെ ഏകത്രകേന്ദ്രീകരണരീതിയും, അത്യാധുനികവാർത്താവിനിമയമാർഗ്ഗങ്ങളും ഭൂമിശാസ്ത്രപരമായ തടസ്സങ്ങളെയൊക്കെ മറികടക്കുമ്പോഴും, സംഘർഷങ്ങളും, മാനസികപിരിമുറുക്കങ്ങളും യുക്തിചിന്തകൾക്കപ്പുറത്തേയ്ക്ക് കടന്ന് നില്ക്കുന്ന കാഴ്ചയ്ക്കും ലോകം സാക്ഷിയാകുന്നുണ്ട്. പ്രകടമായ വാർത്താകേന്ദ്രീകരണത്തിന്റെ മറവിൽ മാനവികതയുടെ അന്തഃസത്തയിൽനിന്നും

നമ്മെ അകറ്റാൻ പാകത്തിൽ, ലളിതമെങ്കിലും അടിസ്ഥാനപരമായ വികേന്ദ്രീകരണം സാദ്ധ്യമാക്കപ്പെടുന്നുണ്ട്.

മാനവികതയുടെ അന്തഃസത്തയായ ജീവിതത്തിലധിഷ്ഠിതമാണ് അരങ്ങ് – അത് മാനുഷീയപ്രകടനങ്ങളുടെ വേദിയാണ്. അരങ്ങിന്റെ ആധികാരികതയിലെ അഗ്രഗാമിയായ കോൺസ്റ്റാൻടിൻ സ്റ്റാനിസ്ലാവ്സ്കി (CONSTANTIN STANISLAVSKI) പറയുന്നതിങ്ങനെ –

> ''പാദങ്ങളിലെ മണ്ണുമായി ഒരിയ്ക്കലും അരങ്ങിൽ പ്രവേശിക്കാതിരിയ്ക്കുക. പൊടിയും ചളിയും പുറത്തുപേക്ഷിക്കുക. ദുഃഖങ്ങളും കലഹങ്ങളും, ബുദ്ധിമുട്ടുകളും, പുറം വസ്ത്രങ്ങൾ സൃഷ്ടിയ്ക്കുന്ന ചെറിയ അസൗകര്യങ്ങളും നിയന്ത്രിക്കുക. ശ്രദ്ധയെ കലയിൽനിന്നും അകറ്റുന്ന, ജീവിതത്തെ നശിപ്പിയ്ക്കുന്ന എല്ലാറ്റിനേയും വാതിൽ പുറത്ത് നിയന്ത്രിയ്ക്കുക.''

അരങ്ങിലേയ്ക്കു പ്രവേശിയ്ക്കുന്ന നമ്മുടെ ഒരേ ഒരു ജീവിതത്തിന് അനേകം ജീവിതങ്ങളെ അരങ്ങിൽ സംക്രമിപ്പിയ്ക്കാനും ഊർജ്ജം പകരാനും, അതിന്റെ ഗുണസൗരഭ്യങ്ങൾ പ്രേക്ഷകരിലെത്തിയ്ക്കാനും കഴിയുന്ന മഹത് സിദ്ധിയുണ്ട്.

അരങ്ങിൽ, നാടകകൃത്തുക്കൾ, സംവിധായകർ, നടീനടന്മാർ രംഗപശ്ചാത്തലമൊരുക്കുന്നവർ, കവി, സംഗീതജ്ഞർ, നൃത്തസംവിധായകർ, മറ്റു സാങ്കേതികവിദഗ്ദർ എന്നിവരുടെ കൂട്ടായ്മയിൽ സൃഷ്ടിയക്കപ്പെടുന്നത് അരങ്ങിൽ മുമ്പില്ലാതിരുന്ന ഒരു ജീവിതമാണ്. അതിനെ സ്നേഹിയ്ക്കാനും ചേർത്ത് പിടിയ്ക്കാനും, അനുതപിയ്ക്കാനും, അതിജീവിപ്പിയ്ക്കാനും, കരുതലും കരുണയും ആർദ്രതയും, ആത്മവിശ്വാസവും കൈമുതലായുള്ള സുമനസ്സുകളുണ്ടാവണം.

ഒന്നുമില്ലായ്മയിലും, ഇരുട്ടിൽ സ്വയം പ്രകാശിച്ച് തണുപ്പകറ്റുന്ന തീക്കട്ടപ്പോലെയാണ് അരങ്ങ്. അതിന്റെ പ്രഭാവമറിഞ്ഞ് അർത്ഥപൂർണ്ണമാക്കേണ്ടതും, ആ പ്രകാശംകൊണ്ട് അജ്ഞാനാന്ധകാരവും അതു നയിയ്ക്കുന്ന തീർവ്വവാദങ്ങളുമകറ്റി ജീവിതമൂല്യങ്ങളെ കൈക്കൊള്ളേണ്ടതും നാം തന്നെയാണ്. ഈ ഉദാത്തസന്ദേശനിർവ്വഹണത്തിന് സമയവും സന്നാഹങ്ങളും, ചോരയും, വിയർപ്പും, വീര്യവും വിനിയോഗിച്ചേ മതിയാകൂ.

നന്മയും സത്യസൗന്ദര്യങ്ങളും മാത്രമല്ല, ജീവിയ്ക്കപ്പെടാൻ അർഹതപ്പെട്ട തെന്ന് നാം വിശ്വസിയ്ക്കുന്ന ജീവിതംതന്നെയാണിവിടെ സംരക്ഷിയ്ക്കപ്പെ ടേണ്ടത്.

ഇന്നേദിവസം എല്ലാ കലകളുടെയും കേദാരമായ അരങ്ങിനെ കൊണ്ടാടുക എന്ന് പറയുകമാത്രമല്ല എന്റെ ഉദ്ദേശം. മറിച്ച് നമ്മളെല്ലാം കൈകൾ കോർത്ത് തോളോട് തോൾ ചേർന്ന് അത്യുച്ചത്തിൽ ശബ്ദി യ്ക്കാൻ എല്ലാവരേയും ഞാൻ അരങ്ങിലേയ്ക്ക് ക്ഷണിയ്ക്കുകയാണ്. നമ്മുടെ വാക്കുകൾ ലോകത്തിന്റെ പ്രജ്ഞയിലുണർന്ന് പ്രതിധ്വനിയ്ക്കട്ടെ. നമ്മുടെ ഉള്ളിലെന്നോ നഷ്ടപ്പെട്ട മനുഷ്യസത്ത അന്വേഷിച്ചു വീണ്ടെ ടുക്കാൻ കഴിയട്ടെ - സ്വതന്ത്രനും, സഹനശീലനും, സ്നേഹമയനും, സൗമ്യ ശീലനുമായ മനുഷ്യനെ.

ഈ ഭൂമിയിൽ ഒരേ ആകാശത്തിൻകീഴെ ആയിരക്കണക്കിന് വർഷങ്ങ ളായി നടക്കുന്ന മനുഷ്യകുലപരമ്പരയുടെ അതിജീവനം ഇനിയും തുടരും. അത്കൊണ്ട് യുദ്ധസംഘർഷങ്ങളുടെ ചളിക്കുഴിയിൽ പതിച്ച പാദങ്ങളിലെ അഴുക്ക് വാതിൽക്കലുപേക്ഷിച്ച് അരങ്ങിന്റെ കൂട്ടായ്മയിലേക്ക് വരാൻ മനു ഷ്യരെ നമുക്ക് ക്ഷണിക്കാം. സംശയത്തിന്റെ നേരിയ മേഘപാളികളിലൂടെ തെളിയുന്ന മാനവിയതയും ഒരു പക്ഷേ ഒരിയ്ക്കൽ കൂടി നിസ്സന്ദേഹമായ വിശ്വാസത്തോടെ ''ഞങ്ങളും മനുഷ്യരാണ് - നമ്മളെല്ലാം മനുഷ്യവർഗ്ഗ ത്തിലെ സഹോദരങ്ങളാണ്'' എന്നഭിമാനിയ്ക്കാൻ പ്രാപ്തമായേക്കാം.

ആദ്യ നടന്റെ ആദ്യരംഗപ്രവേശം മുതൽ ഒതു ദൗത്യംപോലെ പ്രബോധകനായി പന്തമേന്തി മുമ്പേ നടന്ന നാടകകൃത്തിന് അവലക്ഷണ ങ്ങളും ക്രൂരതയും, മനുഷ്യത്വമില്ലായ്മകളെയുമൊക്കെ അഭിമുഖീകരി യ്ക്കേണ്ടി വന്നിട്ടുണ്ട്. ഇന്ന് നാം അഭിമുഖീകരിയ്ക്കുന്ന നാടകക്കൂട്ടായ്മ കൾ എത്രയോ മനോഹരവും ശുദ്ധവും മാനുഷികവുമാണ്.

അരങ്ങിൽ ജീവിതസംക്രമണം മറ്റാരെക്കാളും നമുക്ക് മാത്രം സുസാ ദ്ധ്യം. ലോകനാടകവേദിയുടെ വിശാലതയിൽ നമുക്കും ഒന്നിച്ചണിചേരാം.

''നമുക്ക് ഒരു ലോകം - ഒരു മാനവികത''

ONE WORLD-ONE HUMANITY -

സമിഹ അയോബ്

(മലയാള മൊഴിമാറ്റം: ഗോപിനാഥ് കോഴിക്കോട്)